പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3451 | 19.06.19 ൽ മറുപടിയ്ക്ക്

**മോട്ടോർ വാഹന വകുപ്പ് ഓൺലൈൻ സംവിധാനങ്ങൾ**

| | ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | | ഉത്തരം<br>ശ്രീ.എ കെ ശശീന്ദ്രൻ<br>(ഗതാഗത വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | ഗതാഗതനിയമ ലംഘനത്തിന് പിഴയടക്കുവാൻ മോട്ടോർ വാഹന വകുപ്പ് നിലവിൽ സ്വീകരിച്ചുവരുന്ന ഓൺലൈൻ സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | മോട്ടോർ വാഹന വകുപ്പിന്റെ വെബ് സൈറ്റ് വഴിയും അക്ഷയ കേന്ദ്രങ്ങൾ വഴിയും, ഓൺലൈനായി പിഴ അടയ്ക്കാവുന്നതാണ്. കൂടാതെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും നേരിട്ട് പിഴ അടയ്ക്കാനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. |
| (ബി) | ഒന്നിലധികം തവണ ഗതാഗത നിയമങ്ങൾ ലംഘിച്ചവർക്ക് പിഴയടയ്ക്കുവാൻ ഉണ്ടായിരിക്കുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | മോട്ടോർ വാഹന വകുപ്പിന്റെ വെബ് സൈറ്റ് ഉപയോഗിച്ച് കാലതാമസം കൂടാതെ പിഴ അടയ്ക്കുന്നതിനുള്ള സംവിധാനം നിലവിൽ ഉണ്ട്. |
| (സി) | മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ ഉപയോഗിക്കുന്ന കമ്പ്യൂട്ടർ സംവിധാനം നവീകരിക്കാനുള്ള നടപടികൾ വ്യക്തമാക്കാമോ? | (സി) | മോട്ടോർ വാഹന വകുപ്പിൽ 2006-ൽ നിലവിൽ വന്ന സ്മാർട്ട് മൂവ് സോഫ്റ്റ് വെയർ കേന്ദ്ര തീരുമാനപ്രകാരം 2019-ൽ പരിവാഹൻ സോഫ്റ്റ് വെയറിലേയ്ക്ക് പരിവർത്തനം ചെയ്തു കൊണ്ടിരിക്കുന്നു. വിവരങ്ങൾ പൂർണ്ണമായും പുതിയ സോഫ്റ്റ് വെയറായ പരിവാഹനിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പുതിയ സോഫ്റ്റ് വെയറിലേയ്ക്ക് പെട്ടെന്നുള്ള മാറ്റം കൊണ്ട് ഉണ്ടായ സാങ്കേതിക പ്രശ്നങ്ങൾ കണ്ടെത്തുന്നമുറയ്ക്ക് എൻ ഐ സി യുടെ സഹായത്തോടെ പ്രശ്നങ്ങൾ പരിഹരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ